അനന്തപുരി

www.keralakaumudi.com www.facebook.com/keralakaumudi

സിറ്റി കൗമുദിയിൽ

- പൊതുകിണറുകൾക്ക് മരണമണി
- ഡെങ്കിക്ക് വരാൻ മാലിന്യവഴിയൊരുക്കി നഗരം
- പാഠം ഒന്ന് ഒരു കുന്നുകുഴി വിലാപം

കുടിവെള്ളം മുട്ടി, നാട്ടുകാർ റോഡ് ഉപരോധിച്ചു

തിരുവനന്തപുരം : മണ്ണാമൂല നിവാസികൾ കുടിവെള്ളത്തിനായി റോഡ് ഉപരോധിച്ചു. ഇന്നലെ രാത്രി 10 മണിയോടെ പേരൂർക്കട - മണ്ണാമൂല റോഡാണ് നാട്ടുകാർ ഉപരോധിച്ചത്. കുടിവെള്ളം ലഭിക്കാത്തതിനാൽ പ്രതിഷേധിച്ച് സ്ത്രീകളും കുട്ടികളുമടക്കം നൂറോളം പേരടങ്ങുന്ന സംഘമാണ് ഉപരോധം ആരംഭിച്ചത്. പേരൂർക്കട പൊലീസ് സ്ഥലത്തെത്തി ഉപരോധം നടത്തിയവരുമായി ചർച്ച നടത്തിയ ശേഷം എം.എൽ.എയുമായും വാട്ടർ അതോറിട്ടി അധികൃതരുമായും ബന്ധപ്പെട്ടു. ഉന്നത ഉദ്യോഗസ്ഥരുമായിഇന്ന് ചർച്ച നടത്താമെന്ന് ഉറപ്പ് നൽകിയതോടെ ഒരുമണിക്കൂറിനുശേഷം ഉപരോധം പിൻവലിച്ചതായി പേരൂർക്കട പൊലീസ് അറിയിച്ചു. വ്യാഴാഴ്ചയും നാട്ടുകാർ പ്രതിഷേധവുമായി രംഗത്തെത്തിയിരുന്നു. തുടർന്ന് പോലീസ് ഇടപെട്ട് താത്കാലികമായി പ്രശ്നം പരിഹരിക്കുകയായിരുന്നു. മറ്റു സ്ഥലങ്ങളിലേക്ക് പമ്പിംഗ് നടത്തുന്നതിനാലാണ് മണ്ണാമൂല ഭാഗത്ത് ജലവിതരണം തടസപ്പെടുന്നതെന്ന് വാട്ടർ അതോറിട്ടി വട്ടിയൂർക്കാവ് സെക്ഷൻ അധികൃതർ പൊലീസിനോട് പറഞ്ഞു.

ആകാശവാണി റിക്രിയേഷൻസ് ക്ലബ് ഡേ

തിരുവനന്തപുരം : ആകാശവാണി റിക്രിയേഷൻ ക്ലബ് ഡേ ആകാശവാണി തിരുവനന്തപുരം നിലയത്തിൽ സബ്കളക്ടർ ഡോ. ദിവ്യ എസ്. അയ്യർ ഉദ്ഘാടനം ചെയ്തു. മികച്ച പരിപാടികൾ അവതരിപ്പിച്ച ആകാശവാണിയിലെ ഉദ്യോഗസ്ഥർക്കും വിവിധ പരീക്ഷകളിൽ ഉന്നത വിജയം നേടിയ ക്ലബംഗങ്ങളുടെ കുട്ടികൾക്കും പുരസ്കാരങ്ങൾ വിതരണം ചെയ്തു. ബി.എസ്. എൻ.എൽ ജനറൽ മാനേജർ ജ്യോതിശങ്കർ മുഖ്യപ്രഭാഷണം നടത്തി. ആകാശവാണി തിരുവനന്തപുരം നിലയം സ്റ്റേഷൻ ഡയറക്ടർ ആർ.സി. ഗോപാൽ, സ്റ്റേഷൻ എൻജിനിയർ എൻ. രാജേന്ദ്രൻ, അനന്തപുരി എഫ്.എം സ്റ്റേഷൻ ഡയറക്ടർ ആർ. വിമലസേനൻ നായർ, ഡെപ്യൂട്ടി ഡയറക്ടർ (ന്യൂസ്) മയൂഷ എ. എം, അസിസ്റ്റന്റ് ഡയറക്ടർ (ആർ.എ.ബി.എം) എസ്. രാധാകൃഷ്ണൻ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ രാഖി കൃഷ്ണൻ, റിക്രിയേഷൻ ക്ലബ് സെക്രട്ടറി ബി. ഉണ്ണിക്കൃഷ്ണൻ നായർ എന്നിവർ പ്രസംഗിച്ചു. ആകാശവാണി റിക്രിയേഷൻ ക്ലബ് എക്സിക്യൂട്ടീവ് മെമ്പർ സുഷമ നന്ദി പറഞ്ഞു.

വട്ടിയൂർക്കാവ് ശാഖ

തിരുവനന്തപുരം: വട്ടിയൂർക്കാവ് ശാഖയിൽ യൂത്ത്മൂവ്മെന്റ് പുനഃസംഘടനയും ബാലജനയോഗം രൂപീകരണവും നാളെ നടക്കും. രാവിലെ 10ന് ശാഖാപ്രസിഡന്റ് സി.ആർ. സുദർശനന്റെ അദ്ധ്യക്ഷതയിൽ ഡോ. പി. പല്പു സ്മാരക യൂണിയൻ ചെയർമാൻ ഉപേന്ദ്രൻ കോൺടാക്ടർ ഉദ്ഘാടനം ചെയ്യും. യൂത്ത്മൂവ്മെന്റ് പുനഃസംഘടനയ്ക്ക് തിരഞ്ഞെടുപ്പ് യൂണിയൻ യൂത്ത്മൂവ്മെന്റ് കൺവീനർ അരുൺകുമാറും ബാലജനയോഗം യൂണിയൻ കോ - ഓർഡിനേറ്റർ സുനിൽ കുമാറും നേതൃത്വം നൽകും. ശാഖാംഗങ്ങളുടെ കുട്ടികൾക്ക് പഠനോപകരണ വിതരണ ഉദ്ഘാടനം എസ്.എൻ.ട്രസ്റ്റ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ സോമരാജൻ നിർവഹിക്കും. യൂണിയൻ കൺവീനർ അനീഷ്ദേവൻ മുഖ്യപ്രഭാഷണം നടത്തും. യൂത്ത്മൂവ്മെന്റ് യൂണിയൻ പ്രസിഡന്റ് രാജീവ്, ശാഖാ ഭാരവാഹി സതികുമാർ എന്നിവർ സംസാരിക്കും. എല്ലാശാഖാംഗങ്ങളും രാവിലെ 10 ന് മുമ്പ് ശാഖാഹാളിൽ എത്തണമെന്നും സെക്രട്ടറി രാധാകൃഷ്ണൻ അറിയിച്ചു.

കരിയിൽ ശാഖ

തിരുവനന്തപുരം : എസ്.എൻ.ഡി.പി യോഗം കരിയിൽ ശാഖയിലെ ചതയപൂജ ഇന്ന് വൈകിട്ട് മൂന്നിന് നടക്കും. ഗുരുപൂജ, അർച്ചന, ഗുരുദേവ കൃതികളുടെ ആലാപനം, സമൂഹപ്രാർത്ഥന, പ്രസാദവിതരണം എന്നിവയുണ്ടായിരിക്കും. പ്രതിമാസ പെൻഷൻ, ചികിത്സാനിധി, വിദ്യാഭ്യാസ നിധി എന്നിവയുടെ വിതരണവും നടക്കുമെന്ന് സെക്രട്ടറി കരിയിൽ എസ്.ആർ. ശിവപ്രസാദ് അറിയിച്ചു.

വെട്ടുകാട് ശാഖ

തിരുവനന്തപുരം : എസ്.എൻ.ഡി.പി യോഗം വെട്ടുകാട് ശാഖാ ആസ്ഥാന ഗുരുമന്ദിരത്തിൽ ചതയദിനമായ ഇന്ന് ബാലനഗർ ഗുരുവസന്തം വനിതാ സ്വയംസഹായ സംഘത്തിന്റെ വകയായി വൈകിട്ട് 6.30 ന് ഗുരുപൂജ, സമൂഹപ്രാർത്ഥന, പായസസദ്യ എന്നിവയുണ്ടായിരിക്കും. ക്ഷേമ പെൻഷനുകളുടെ വിതരണവും നടക്കും. പ്രതിമാസ എക്സിക്യൂട്ടീവ് യോഗവും ഉണ്ടായിരിക്കുമെന്ന് സെക്രട്ടറി എൻ. മോഹൻദാസ് അറിയിച്ചു.

പാച്ചല്ലൂർ ശാഖ

കോവളം: എസ്.എൻ.ഡി.പി യോഗം പാച്ചല്ലൂർ ശാഖയിൽ ചതയപൂജയും പെൻഷൻ വിതരണം ഇന്ന് രാവിലെ 10ന് ശാഖാഹാളിൽ നടക്കുമെന്ന് സെക്രട്ടറി ലവൻ ബാബു അറിയിച്ചു.

ചതയപൂജ

കോവളം: വാഴമുട്ടം കുന്നംപാറ ശ്രീസുബ്രഹ്മണ്യ സ്വാമിക്ഷേത്രത്തിലെ ചതയപൂജ ഇന്ന് നടക്കും. രാവിലെ 10ന് ഗുരുദേവ കൃതികളുടെ പാരായണം, 11.30ന് വിശേഷാൽപൂജ, 12.30ന് ഗുരുപൂജ എന്നിവ ഉണ്ടായിരിക്കും.

തിരുവനന്തപുരം: പേട്ടശ്രീനാരായണഗുരുമണ്ഡപത്തിലെ ചതയപൂജ ഇന്ന് വൈകിട്ട് ആറിന് നടക്കും. പ്രതിമാസ പെൻഷൻ, നിർദ്ധനവിദ്യാർത്ഥികൾക്കുള്ള പഠനധനസഹായവിതരണം എന്നിവയുണ്ടായിരിക്കും.

മന്ത്രി വന്നിട്ടും ജനറൽ ആശുപത്രി ക്ലീനായില്ല

തിരുവനന്തപുരം: ജനറൽ ആശുപത്രിയിൽ മന്ത്രി കെ.കെ. ശൈലജയുടെ സന്ദർശനത്തിന പിന്നാലെ പനിവാർഡിലെ അസൗകര്യങ്ങളെ സംബന്ധിച്ചും വ്യാപക പരാതി ഉയർന്നു. ദിവസേനയുള്ള ശുചീകരണ പ്രവർത്തനങ്ങളെക്കുറിച്ചും ആക്ഷേപമുണ്ട്. അധികൃതരുടെ കർശന നിർദ്ദേശത്തെ തുടർന്ന് ആശുപത്രിയിലും പരിസരത്തും ശുചീകരണ യജ്ഞം നടത്തിയെങ്കിലും കഴിഞ്ഞ ദിവസം പെയ്ത മഴയോടെ ഇവിടുത്തെ ശൗചാലയങ്ങളെല്ലാം വൃത്തിഹീനമായി.

ഡോക്ടർമാർ യഥാസമയം ഹാജരാകണമെന്ന മന്ത്രിയുടെ നിർദ്ദേശത്തെ തുടർന്ന് ഇന്നലെ രാവിലെ 8.15ന് തന്നെ ഡോക്ടർമാരെത്തി. ഇതോടെ ഒ.പിയിലെ നീണ്ട നിര ഒഴിഞ്ഞു. ഇന്നലെ ശമനമായി.

കേരള പൊലീസ് അസോസിയേഷൻ, കേരള പൊലീസ് ഓഫീസേഴ്സ് അസോസിയേഷൻ തിരുവനന്തപുരം സിറ്റി ജില്ലാ കമ്മിറ്റി എന്നിവയുടെ നേതൃത്വത്തിൽ ഇന്നലെ ആശുപത്രി പരിസരം ശുചീകരിച്ചു. മന്ത്രി കെ.കെ. ശൈലജ ഐക്യദാർഢ്യം അറിയിച്ച് ആശുപത്രിയിലെത്തുകയും ചെയ്തു.

ഇന്നലെ വൈകിട്ട് നടന്ന പൊലീസുകാരുടെ ശുചീകരണ പരിപാടിയിൽ ജി. സ്പർജൻ കുമാർ എൻ. ആർ.എച്ച്.എം ഡയറക്ടർ കേശവേന്ദ്രകുമാർ, ഓഫീസേഴ്സ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് ഡി.കെ. പൃഥ്വിരാജ്, പൊലീസ് അസോസിയേഷൻ ജില്ലാ സെക്രട്ടറി ചന്ദ്രശേഖരൻ എന്നിവർ സംസാരിച്ചു. ഓഫീസേഴ്സ് അസോസിയേഷൻ സംസ്ഥാന ജോയിന്റ് സെക്രട്ടറി ആർ. പ്രശാന്ത്, ജില്ലാ സെക്രട്ടറി ആർ. അനിൽകുമാർ, പ്രസിഡന്റ് ബി. സജികുമാർ, പൊലീസ് അസോസിയേഷൻ ജില്ലാ പ്രസിഡന്റ് ഷിനു. ഒ.എസ്, സംസ്ഥാന നിർവാഹക സമിതി അംഗം രേഖാകൃഷ്ണൻ എന്നിവർ നേതൃത്വം നല്കി. 60 ശുചീകരണ തൊഴിലാളികളുടെ ഒഴിവുകളാണ് ഇവിടെ ഉള്ളത്. എംപ്ലോയിമെന്റ് എക്സ്ചേഞ്ച് വഴി ജീവനക്കാരെ നിയമിച്ച് ഒഴിവുകൾ നികത്തുമെന്നാണ് അധികൃതരുടെ വാദം. മന്ത്രിയുടെ കർശന നിർദ്ദേശമനുസരിച്ച് നടത്തിയ ശുചീകരണ യജ്ഞത്തിൽ ജീവനക്കാരെ ഭീഷണിപ്പെടുത്തി പങ്കെടുപ്പിച്ചതായും പരാതിയുയർന്നു. രോഗികൾ ഉപയോഗിക്കുന്ന ടോയിലറ്റ് തങ്ങളെ കൊണ്ട് വൃത്തിയാക്കിച്ചു എന്നാണ് നഴ്സുമാരുടെ ആരോപണം.

പൊലീസ് അസോസിയേഷനും പൊലീസ് ഓഫീസേഴ്സ് അസോസിയേഷനും ചേർന്ന് ജനറൽ ഹോസ്പിറ്റലിലെ കെ.എച്ച്.ആർ.ഡബ്ലിയു.എസ് പേവാർഡ് പരിസരം വൃത്തിയാക്കുന്നതിന്റെ ഉദ്ഘാടനം നിർവഹിക്കാൻ എത്തിയ മന്ത്രി കെ.കെ ശൈലജ വൃത്തിയാക്കിയ സ്ഥലങ്ങൾ നിരീക്ഷിക്കുന്നു

മദ്യക്കുപ്പിയിൽ തട്ടി ജീവനക്കാർ

ആശുപത്രിക്കുള്ളിൽനിന്നും മദ്യക്കുപ്പികൾകണ്ടെടുത്ത സംഭവത്തിൽമന്ത്രിറിപ്പോർട്ട്ആവശ്യപ്പെട്ടു. മദ്യക്കുപ്പി കണ്ടെത്തിയ സംഭവത്തിൽ ജീവനക്കാർക്കോ സുരക്ഷാ ഉദ്യോഗസ്ഥർക്കോ പങ്കില്ലെന്നാണ അധികൃതരുടെ വാദം. എന്നാൽ കർശന നടപടിയെടുക്കാൻ മന്ത്രി ആശുപത്രി സൂപ്രണ്ടിന് നിർദ്ദേശം നൽകി. നാട്ടിൻ പുറങ്ങളിൽ നിന്നെത്തുന്നവർ ആശുപത്രിക്കുള്ളിൽ വച്ച് മദ്യപിക്കുന്നതുപതിവാണെന്നും ഇങ്ങനെ രോഗികൾക്കു രാത്രിയിൽ കൂട്ടിരിക്കാനായി എത്തുന്നവർ മരച്ചുവട്ടിലും ടോയിലെറ്റുകളിലും പോയിരുന്ന മദ്യപിക്കാറുണ്ടെന്നും അധികൃതർ മന്ത്രിയെ അറിയിച്ചു.അതേസമയം, നൈറ്റ്ഡ്യൂട്ടിക്കെത്തുന്ന ജീവനക്കാരാണ് മദ്യക്കുപ്പികൾ വലിച്ചെറിയുന്നത് എന്നാണ് കൂട്ടിരിപ്പുകാരുടെ ആരോപണം. ഇതു ജീവനക്കാരെ രക്ഷിക്കാനുള്ളശ്രമമാണെന്ന് കൂട്ടിരിപ്പുകാർ പറഞ്ഞു.

ശരിയാക്കിയെടുക്കുമെന്ന് മന്ത്രി

ജനറൽആശുപത്രിയുടെശോചനീയാവസ്ഥ പരിഹരിക്കുന്നതിനു വേണ്ടി എല്ലാ ക്രമീകരണങ്ങളുംഏർപ്പെടുത്തിയതായി മന്ത്രി കെ.കെ. ശൈലജ അറിയിച്ചു. ജനറൽ ആശുപത്രിയിലെ ഡോക്ടർമാർക്കുംജീവനക്കാർക്കുംഉൾപ്പെടെ ഡെങ്കിപ്പനി ഉണ്ടായ സാഹചര്യത്തിലാണ് ആശുപത്രിയും പരിസരവും നിരീക്ഷിക്കാൻ തീരുമാനിച്ചത്. ശുചീകരണ പ്രവർത്തനങ്ങളും കൊതുക് നിർമ്മാർജന നിയന്ത്രണ പ്രവർത്തനങ്ങളും യുദ്ധകാലാടിസ്ഥാനത്തിൽ നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആശുപത്രിയുടെ ദൈനംദിനപ്രവർത്തനങ്ങൾ കൃത്യമായ് വിലയിരുത്തുന്നതിനും മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനും ആരോഗ്യവകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി. ആശുപത്രിയിൽ ശുചീകരണജീവനക്കാരുടെ അഭാവം ഉണ്ടെങ്കിൽ അത് ഉടനടി പരിഹരിക്കുന്നതിനും ആശുപത്രി അധികൃതർക്ക് മന്ത്രി നിർദ്ദേശം നൽകിയിട്ടുണ്ട്.

ഡെങ്കി : മാസ് ഫോഗിംഗും സ്പ്രേയിംഗും നടത്തി

ഡെങ്കിപ്പനി പ്രതിരോധത്തിനായി നഗരസഭാ ആരോഗ്യവിഭാഗം മാസ് ഫോഗിംഗും സ്പ്രേയിംഗും നടത്തി. പാളയം മുതൽ മണക്കാട്വരെയുള്ള പ്രദേശങ്ങളിലായിരുന്നു ഫോഗിംഗ്. അൾട്രാ ലോ വോളിയം സ്പ്രേയിംഗ് മെഷീൻ ഉപയോഗിച്ച് നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്പ്രേയിംഗും നടത്തി. ആറ്റിപ്ര, ശ്രീകണ്ടേശ്വരം, ശ്രീകാര്യം, നന്തൻകോട്, പാളയം, സെക്രട്ടേറിയറ്റ്, ചാല, മണക്കാട്, ഫോർട്ട് പ്രദേശങ്ങളിലായിരുന്നു സ്പ്രേയിംഗ്. മേയർ വി.കെ. പ്രശാന്ത്, ഹെൽത്ത്സ്റ്റാന്റിംഗ്കമ്മിറ്റിചെയർമാൻ കെ. ശ്രീകുമാർ, എന്നിവർ നേതൃത്വം നൽകി. കൊതുകിന്റെ ഉറവിട നശീകരണത്തിന്100 വാർഡുകളിലും പ്രത്യേക സ്ക്വാഡുകൾ ഭവനസന്ദർശനം നടത്തി. 8906 ഉറവിടങ്ങളിൽ ക്ലോത്താടികളെ നശിപ്പിച്ചു. ലഘുലേഖകൾ വിതരണം ചെയ്തു.

പേട്ട കല്ലുമൂട് പഞ്ചമി ദേവീക്ഷേത്രത്തിലെ ദേവീഭാഗവത നവാഹ യജ്ഞം മന്ത്രി കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു. കൗൺസിലർ ശോഭാറാണി, നന്ദകുമാർ, എം.എസ്.കുമാർ, സി.കെ.രാജൻ, കെ.മോഹനൻ തുടങ്ങിയവർ സമീപം

കടയിൽ കയറി യുവാവിനെ മൂന്നംഗ സംഘം വെട്ടിപ്പരിക്കേൽപ്പിച്ചു

■ മലയിൻകീഴിൽ ഇന്ന് ഹർത്താൽ

മലയിൻകീഴ്. പാലോട്ടുവിളയിൽ ബേക്കറി - ഫ്രൂട്സ് കട നടത്തുന്ന പ്രകാശിനെ (34) മൂന്നംഗ സംഘം കടയിൽ കയറി ആക്രമിച്ച് പരിക്കേൽപ്പിച്ചു. ഇന്നലെ രാത്രി 10 മണിയോടെയാണ് സംഭവം. കട അടയ്ക്കുന്നതിന് തൊട്ടുമുമ്പാണ് മൂന്നംഗ സംഘം അതിക്രമിച്ച് കടയിൽ കയറി പ്രകാശിനെ വെട്ടിയത്. തലയ്ക്ക്ഗുരുതരമായിപരിക്കേറ്റ പ്രകാശിനെ മെഡിക്കൽ കോളേജ്ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ആക്രമണത്തിന് പിന്നിൽ സമീപവാസികളായ സംഘമാണെന്നാണ് നിഗമനം. സംഭവത്തിൽ പ്രതിഷേധിച്ച് മലയിൻകീഴ് പഞ്ചായത്ത് പ്രദേശത്ത് ഇന്ന് രാവിലെ ആറു മുതൽ വൈകിട്ട് 6 വരെ ഹർത്താൽ നടത്തുമെന്ന് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി മലയിൻകീഴ് യൂണിറ്റ് പ്രസിഡന്റ് ജയൻ കെ. പണിക്കർ അറിയിച്ചു. മുൻവൈരാഗ്യമാണ് ആക്രമണത്തിന് പിന്നിലെന്നറിയുന്നു. പ്രദേശത്ത് സംഘർഷാവസ്ഥ നിലനിൽക്കുന്നുണ്ട്.

ആലുംമൂട്ടിൽ റസിഡന്റ്സ് അസോ.

തിരുവനന്തപുരം : ചാക്ക ആലുംമൂട്ടിൽ റസിഡന്റ്സ് അസോസിയേഷന്റെ 13-ാമത്വാർഷികം ആഘോഷിച്ചു. എസ്.എസ്.എൽ.സിക്ക് ഉന്നതവിജയം നേടിയവർക്ക് കാഷ് അവാർഡുകൾ വിതരണം ചെയ്തു.

ഭാരവാഹികൾ: സി. ഗോപിനാഥൻ, എം.കെ. രവീന്ദ്രൻ (രക്ഷാധികാരികൾ), ഡി. ബാബു (പ്രസിഡന്റ്), മുരളീധരൻ നായർ (വൈസ് പ്രസിഡന്റ്), സന്തോഷ് കുമാർ (സെക്രട്ടറി), രമണി രവീന്ദ്രൻ, നിർമ്മല (ജോയിന്റ് സെക്രട്ടറിമാർ), മണികണ്ഠൻ (ട്രഷറർ), മുരളീദാസ് (ഓഡിറ്റർ).

ജനന, മരണ അദാലത്ത് : 1355 അപേക്ഷകൾക്ക് പരിഹാരമായി

തിരുവനന്തപുരം : 2014- 2015 വർഷത്തെ ജനന, മരണ, വിവാഹ രജിസ്ട്രേഷൻ അപേക്ഷകൾ തീർപ്പാക്കുന്ന നഗരസഭാ അദാലത്തിന്റെ രണ്ടാം ദിനമായിരുന്ന ഇന്നലെ 617 പരാതികൾ തീർപ്പാക്കി. ഇതോടെ രണ്ടുദിവസം പിന്നിട്ട അദാലത്തിൽ 1355 പരാതികൾക്ക് പരിഹാരമായി. ആദ്യദിവസം 738 അപേക്ഷകൾക്ക് തീർപ്പുകൽപിച്ചിരുന്നു. അദാലത്ത് ഇന്നും തുടരും.

അദാലത്തിൽ പങ്കെടുക്കാൻ നഗരസഭ മിനിയാന്ന് 1500 പേർക്കാണ് കത്ത് നൽകിയിരുന്നത്. ഇന്നലെ 1800 പേർക്ക് അറിയിപ്പ് നൽകി. ഇതിൽ 637 പേരാണ് എത്തിയത്. ഇതിൽനിന്ന് 617 എണ്ണം തീർപ്പാക്കുകയായിരുന്നു. 598 പേർക്ക് സർട്ടിഫിക്കറ്റുകൾ നൽകി. 2015ലെ 3202 അപേക്ഷകൾ ഇന്നും തുടർന്ന് 30, 31 തീയതികളിലും പരിഗണിക്കും.

ഓരോദിവസവും എത്തിച്ചേരേണ്ട അപേക്ഷകൾക്ക് അറിയിപ്പ് അയച്ചിട്ടുണ്ട്. ഈ അറിയിപ്പും ആവശ്യമായ രേഖകളുമായി വേണം അദാലത്തിനെത്താൻ.

ആസ്വദിച്ചാൽ ഒരു ജോലിയും മടുക്കില്ല: മുകേഷ്

തിരുവനന്തപുരം: ആസ്വദിച്ച് ചെയ്താൽ ഒരു ജോലിയും മടുപ്പായി തോന്നില്ലെന്ന് മുകേഷ് എം.എൽ.എ പറഞ്ഞു. സംസ്ഥാന ശിശുക്ഷേമ സമിതിയുടെ നാട്ടുകൂട്ടം ക്യാമ്പിൽ കുട്ടികളോട് സംസാരിക്കുകയായിരുന്നു മുകേഷ്. നടനായും എം.എൽ.എയായും ചാനൽ പരിപാടികളിലുമെല്ലാം ഒരേസമയം എങ്ങനെ അഭിനയിക്കാൻ കഴിയുന്നുവെന്നായിരുന്നു കുട്ടികളുടെ ചോദ്യം. "ഈ സംശയം തന്നോട് എല്ലാ പേരും ചോദിക്കുന്നതാണ്. പ്രത്യേകിച്ചും നിയമസഭാ സാമാജികർ.

എല്ലാ ജോലികളും ഇഷ്ടപ്പെട്ട് സന്തോഷിച്ച് പണിയെടുക്കണം. അങ്ങനെയുള്ള ഒരാളിന് ഒരിക്കലും മടുപ്പ് തോന്നാറില്ല. വർഷങ്ങൾക്കു മുമ്പ് സുരേഷ്ഗോപിക്കു പകരം കേരള സർവകലാശാല യൂണിയൻ ചെയർമാനായിരുന്നപ്പോൾ തിരുവനന്തപുരത്തു സംഘടിപ്പിച്ച നാടകക്യാമ്പിലേക്ക് തിരഞ്ഞെടുക്കപ്പെട്ട 20 പേരിൽ ഒരാൾ ഞാനായിരുന്നു. ആ ക്യാമ്പിൽ നിന്നു കിട്ടിയ പ്രചോദനമാണ് എന്നിൽ ഒരു കലാകാരൻ ഉണ്ടെന്ന തിരിച്ചറിവിന് കാരണം.

ചാൻസിനായി തോളിൽ സഞ്ചിയും തൂക്കി അലഞ്ഞിട്ടില്ല. നാട്ടിൽ റോഡിൽ കൂടി നടന്നു പോയപ്പോൾ അഭിനയിക്കാൻ താത്പര്യമുണ്ടെങ്കിൽ ഒരു ചാൻസ് തരാമെന്ന് പറഞ്ഞു. അങ്ങനെ ഞാൻ സിനിമയിലെത്തി. അതാണ് എന്റെ സിനിമാ ജീവിതത്തിന്റെ തുടക്കം"- മുകേഷ് പറഞ്ഞു.

വൈദ്യുതി മുടങ്ങും

തിരുവനന്തപുരം: പൂജപ്പുര വൈദ്യുതി സെക്ഷനിലെ പൂജപ്പുര വെട്ടികുഴി, സത്യൻ നഗർ, മലമേൽക്കുന്ന്, സി.എസ്.ഐ. ആർ. കരമന ജംഗ്ഷൻ, ആറന്തൂർ, തെല്ലുക്കുചെട്ടി സ്ട്രീറ്റ് എന്നിവിടങ്ങളിലും മണക്കാട് സെക്ഷനിലെ കോട്ടപ്പുറം ലൈൻ, കല്ലടിമുഖം, നിലമ ഭാഗം എന്നിവിടങ്ങളിലും ഇന്ന് രാവിലെ 8 മുതൽ വൈകിട്ട് 5 വരെ വൈദ്യുതി മുടങ്ങും.

കാപ്പുകാട്ട് നിന്ന് തലസ്ഥാനത്തേക്ക് കുടിവെള്ളം: വെള്ളത്തിന്റെ അളവ് കുറച്ചു

കാട്ടാക്കട കാപ്പുകാട്ട് നിന്ന് തലസ്ഥാനത്തേക്ക് കുടിവെള്ളം എത്തിക്കാനായി ജലം പമ്പ് ചെയ്യുന്നതിന്റെ അളവ് കുറച്ചു. നെയ്യാറിന്റെ റിസർവോയറിലെ ജലനിരപ്പ് കുറഞ്ഞതാണ് കാരണം. ജലം കുറഞ്ഞതുകാരണം ഡ്രൂഡ്ലുകളിൽ നിന്നുള്ള പമ്പിംഗ് നടക്കുന്നില്ല. ഡ്രൂഡ്ലർ മറ്റൊരു സ്ഥാനത്തേക്ക് മാറ്റാൻ കഴിയാത്ത സ്ഥിതിയും ഉണ്ട്. പമ്പിംഗിനായി സ്ഥാപിച്ചിരുന്ന നാല് മോട്ടോറുകളിൽ ഒന്നുമാത്രമാണ് ഇപ്പോൾ പ്രവർത്തിപ്പിക്കാൻ കഴിയുന്നത്. തുടർച്ചയായുള്ള പമ്പിംഗ്കാരണമാണ് നെയ്യാറിലെജലനിരപ്പ്താണത്. സ്ഥിതി തുടർന്നാൽ പമ്പിംഗ് തുടരാനാവില്ല. അതേ സമയം ജലനിരപ്പ് താണതോടെ അണക്കെട്ടിൽ നിന്ന് വലതു - ഇടതുകര കനാലിലെജല വിതരണവും പകുതിയായി കുറച്ചു.

അരശുംമൂട് റസിഡന്റ്സ് അസോസിയേഷൻ

തിരുവനന്തപുരം: അരശുംമൂട് റസിഡന്റ്സ്അസോസിയേഷന്റെ ആഭിമുഖ്യത്തിൽമെഡിക്കൽക്യാമ്പും അവധിക്കാല ക്ലാസുകളും സംഘടിപ്പിക്കുന്നു.

ഇന്ന് സൗജന്യ മെഡിക്കൽ ക്യാമ്പും നാളെ യോഗ, ട്രാഫിക് ബോധവത്കരണം, സ്ത്രീ സുരക്ഷാക്ലാസ്, കുട്ടികൾക്കുള്ള സൗജന്യനോട്ട് ബുക്ക് വിതരണവും നടക്കും. രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒന്നുവരെ മേലത്ത് ഭഗവതിക്ഷേത്രം ആഡിറ്റോറിയത്തിലാണ് പരിപാടി. ഫോൺ : 9387820895, 9446337050.

എ.ഐ.ടി.യു.സി സംസ്ഥാന കൗൺസിലിന്റെ നേതൃത്വത്തിൽ സെക്രട്ടേറിയറ്റിന് മുന്നിൽ നടത്തിവന്ന പഞ്ചദിന സത്യാഗ്രഹത്തിന്റെ സമാപനത്തോനടുബന്ധിച്ച് 'ജനകീയ ആരോഗ്യം' എന്ന വിഷയം ആസ്പദമാക്കിനടന്ന സെമിനാറിൽ ഡോ.ബി.ഇക്ബാൽ മുഖ്യപ്രഭാഷണം നടത്തുന്നു

SREE CHITHIRA THIRUNAL RESIDENTIAL CENTRAL SCHOOL

Senior Secondary- Affiliated to CBSE Delhi No- 930276
Kunnathukal, Thiruvananthapuram-695 504
Phone : 0471 2250395, 2252505, 2250390, 2250595
Email-sctrcskkl@gmail.com Web-sreechithirathirunalschool.edu.in
An ISO 9001 - 2015 Certified Institution

Classes: Pre-KG, LKG, UKG, Std- I to XII

Plus one Admission started -courses offered

A	B	C	D
Physics	Physics	Physics	Business Studies
Chemistry	Chemistry	Chemistry	Accountancy
Biology	Biology	Mathematics	Economics
Mathematics	Infor. Pract/Mal..	Computer Sci.	Maths/ Infor. Pract/ Mal.

- NEET & JEE coaching
- Civil Service Coaching
- Language Lab
- Smart class with Interactive Boards
- Well equipped Laboratories
- Special classes for Music, Dance & Sports
- Imparting quality Education. Emphasis on discipline

Separate Hostel for Boys & Girls

Admission continues for other classes

T. P. Sreenivasan (Former Ambassador) Chairman

T. Satheesh Kumar Manager & Secretary

S. Pushpavally Principal

Our Sister Concern

SREE CHITHRA PUBLIC SCHOOL
Senior Secondary- Affiliated to CBSE Delhi No- 930460
Pandakasale, Chirayinkeezhu, Thiruvananthapuram -695 534
Phone : 0470-2647706, 2641325
Email-scpschkl@gmail.com, Web- www.sreechithrapublicschool.edu.in

Classes Pre KG, LKG, UKG Std -I to XII